**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **05-12-2022 - ൽ മറുപടിയ്ക്ക്**

**മുക്കം സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുക്കം സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 26.07.2021 തീയതിയിലെ GO(Rt) No.1555/ 2021/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 140 ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി മൊത്തം 259.69 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് 1,75,96,748/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ; | (ബി) | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ മുക്കം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിലവിൽ plinth beam കോൺക്രീറ്റ് പൂർത്തിയാക്കി Super Structure -ന്റെ fabrication steel വർക്കുകൾ പ്ളാന്റിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) | പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് തിരഞ്ഞെടുത്ത സ്ഥലത്ത് ആശുപത്രിയുടെ ഒരു പഴയ കെട്ടിടം നിലനിന്നിരുന്നു. ഈ കെട്ടിടം മുനിസിപ്പാലിറ്റിയാണ് പൊളിച്ചതെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ സൈറ്റിൽ നിന്ന് നീക്കാൻ കാല താമസം നേരിട്ടിരുന്നു. നിലവിൽ സൈറ്റ്ക്ലിയർ ആക്കി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് സ്ഥലം കൈമാറ്റം ചെയ്യുകയും പ്ലിന്ത് ബീം കോൺക്രീറ്റ് പൂർത്തിയാക്കി സൂപ്പർ സ്ട്രക്ചറിന്റെ ഫാബ്രിക്കേഷൻ സ്റ്റീൽ വർക്കുകൾ പ്ലാന്റിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |
| (ഡി) | പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് തിരഞ്ഞെടുത്ത സ്ഥലത്ത് ആശുപത്രിയുടെ ഒരു പഴയ കെട്ടിടം നിലനിന്നിരുന്നു. ഈ കെട്ടിടം മുനിസിപ്പാലിറ്റിയാണ് പൊളിച്ചതെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ സൈറ്റിൽ നിന്ന് നീക്കാൻ കാല താമസം നേരിട്ടിരുന്നു. നിലവിൽ സൈറ്റ്ക്ലിയർ ആക്കി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് സ്ഥലം കൈമാറ്റം |

| | | | |
|---|---|---|---|
| | | | ചെയ്യുകയും പ്ലിന്ത് ബീം കോൺക്രീറ്റ് പൂർത്തിയാക്കി സൂപ്പർ സ്ട്രക്ചറിന്റെ ഫാബ്രിക്കേഷൻ സ്റ്റീൽ വർക്കുകൾ പ്ലാന്റിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ